അക്ഷരം അഗ്നി മാത്രമല്ല, സ്ഫുടവുമാണെന്നു വിശ്വസിക്കുന്ന; വായിച്ചാലും, വായിച്ചാലും തീരാത്ത ; ഇനിയുമേറെ വായിക്കുവാനുള്ള പുസ്തകങ്ങൾ നിറഞ്ഞൊരു തീവണ്ടിയുടെ ലോക്കോ പൈലറ്റ് ആകുക എന്ന ആഗ്രഹത്തോടെ ഇതുവരെ വായിച്ചതെന്തുമാകട്ടെ ; അതിനി കഥയോ , കവിതയോ, ചലച്ചിത്ര നിരൂപണമോ , അതൊക്കെയും പുസ്തക പരിചയമായി നമ്മുടെ മുന്നിലെത്തിക്കുന്ന, എഴുത്തിന്റെ വഴിയിൽ വ്യത്യസ്തനായൊരു ബാങ്കറെയാണ് ഈയാഴ്ച്ച ടാലന്റഡ് ബാങ്കേഴ്സ് കോളം വഴി അവതരിപ്പിക്കുന്നത് .

സുരേഷ് നാരായണൻ
ധനലക്ഷ്മി ബാങ്ക്
എസ് എൽ പുരം
കഞ്ഞിക്കുഴി ശാഖ
ആലപ്പുഴ

കോട്ടയം ജില്ലയിലെ വൈക്കത്തിനടുത് വെള്ളൂർ എന്ന ഗ്രാമത്തിൽ കാർഷിക വൃത്തിയും, ചെറുകിട കച്ചവടവും ഉപജീവനമായ ശ്രീ പി.ആർ.നാരായണന്റെയും, വീട്ടമ്മയായ ശ്രീമതി രാജലക്ഷ്മിയുടെയും രണ്ട് മക്കളിൽ മൂത്തവനായി ജനനം.

ജന്മനാട്ടിലെ ഏക സ്വകാര്യ വിദ്യാലമായ കെ എം എച്ച് എസ് നിന്നും പത്താം തരം ഒന്നാമതായി പാസ്സായി. പ്രധാനാദ്ധ്യാപകന്റെ മുറിയിലെ ഫലകത്തിൽ ഇന്നും ആ പേരുണ്ട്. തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളേജിൽ നിന്നും പ്രീ ഡിഗ്രിയും , കോട്ടയം ബസേലിയോസ് കോളേജിൽ നിന്നും ബി കോമും പൂർത്തിയാക്കി. അന്നത്തെ രീതി വച്ച് MBA ക്ക് ചേരാൻ പ്രമുഖ കോച്ചിങ് സ്ഥാപനത്തിലെ പരിശീലനം. അതിനെ തുടർന്നുള്ള എൻട്രൻസ് പരീക്ഷകൾക്കൊടുവിൽ കൊച്ചിൻ സ്കൂൾ ഓഫ് മാനേജ് മെന്റിന്റെ കാമ്പസിൽ പ്രവേശനം.

വൈവ പരീക്ഷ കഴിഞ്ഞിറങ്ങിയ 2004 ജൂണിൽ തന്നെ, നേരത്തെ നടന്ന ക്യാംപസ് പ്ലേസ്മെന്റ് വഴി ട്രെയിനി ഓഫീസറായി തെരഞ്ഞെടുത്തതായി അറിയിച്ചു കൊണ്ടുള്ള നിയമന ഉത്തരവ് ഐസിഐസിഐ ബാങ്കിന്റെ റീജിയണൽ ഓഫീസിൽ നിന്നും ലഭിച്ചു.

ആദ്യ നിയമനം സ്വന്തം നാടായ കോട്ടയത്ത്. ഔദ്യോഗിക ജീവിതത്തിന്റെ ആദ്യത്തെ താൾ അവിടെ തുടങ്ങുന്നു. മൂന്ന് കൊല്ലം കോട്ടയത്തും, രണ്ടു കൊല്ലം കട്ടപ്പനയിലും ജോലി ചെയ്യുവാനവസരം ലഭിച്ചു.

പ്രതീക്ഷിച്ചതു പോലെ തുടക്കം അത്ര എളുപ്പമായിരുന്നില്ല. മിടുക്കരും, ജോലിയിൽ കർക്കശക്കാരുമായ മേലധികാരികൾക്കൊപ്പമുള്ള ജീവിതം ഒരു നാട്ടിൻ പുറത്തുകാരനായ സുരേഷിന് ദുർഗുണ പരിഹാര പാഠശാലയിലെ അനുഭവമായി തോന്നി. അസ്വാതന്ത്ര്യമുള്ള അന്നത്തെ ദിനങ്ങൾ കരയിൽ പിടിച്ചിട്ട മീനിനെ പോലെ ആയിരുന്നു,

2009 സെപ്റ്റംബർ 18 ന് ധനലക്ഷ്മി ബാങ്കിൽ ചേർന്നു. ആദ്യ നിയമനം കൊടുങ്ങല്ലൂരിനടുത്തുള്ള എടവിലങ്ങു ശാഖയിൽ അസിസ്റ്റന്റ് മാനേജരായി. ശേഷം ഇരിങ്ങാലക്കടുത്തുള്ള കൽപ്പറമ്പ് എന്ന ഗ്രാമീണ ശാഖയിൽ ജോലി ചെയ്യവേ, ഒരു ഗ്രാമത്തെ മുഴുവൻ അറിയുവാനും അവരുടെ സ്നേഹം നെഞ്ചേറ്റുവാനും കഴിഞ്ഞതൊരു അനുഭൂതിയായി മനസ്സിൽ തങ്ങി നിൽക്കുന്നു.

ഇതിനിടെ നിനച്ചിരിക്കാതെ തമിഴ്‌നാട്ടിലോട്ടു മാറ്റം കിട്ടി. ഈറോഡ് , സേലം എന്നിവടങ്ങളിലായി ഏതാണ്ട് 6 കൊല്ലം തമിഴ് മണ്ണിന്റെ ചൂടിൽ കഴിയാനായിരുന്നു അടുത്ത ദൗത്യം. ഒന്നോർത്താൽ തന്നുള്ളിലെ കഴിവുകൾ പുറത്തെടുക്കാൻ കഴിഞ്ഞ കാലമായിരുന്നു അതെന്ന് സുരേഷ് പറയുന്നു.

അന്യ നാട്ടിലെ ഏകാന്ത ജീവിതം മറി കടക്കാൻ സഹായിച്ചത് സ്കൂൾ , കോളേജ് കാലത്തു ഒപ്പമുണ്ടായിരുന്നതും, പിന്നീട് ഔദ്യോഗിക ജീവിതത്തിന്റെ തിരക്കിലെന്നോ മടക്കി വയ്‌ക്കേണ്ടി വന്ന വായനയുടെ താളുകൾ വീണ്ടും തുറക്കുവാൻ കഴിഞ്ഞതുമാണ് . അതിനൊപ്പം ഒഴിവു ദിനങ്ങളിൽ പുതിയ നേരനുഭവങ്ങൾ നേടാനും, അതൊക്കെ മറ്റുള്ളവരുമായി പങ്കു വയ്ക്കാനും യാത്രകൾ ഒരു ശീലവുമാക്കി. കുറച്ചൊക്കെ ഉണ്ടായിരുന്ന social anxiety മെല്ലെ പിൻവലിഞ്ഞു തുടങ്ങി .

വായിച്ചും, അറിഞ്ഞും ഉള്ളിൽ ഉറഞ്ഞു കൂടിയ നീരാവിയെല്ലാം പയ്യെ മഴയായി പെയ്യുവാൻ തുടങ്ങി. വരികൾ,കവിതകൾ, യാത്രാ വിവരണങ്ങൾ , ഇവയൊക്കെയും വായിച്ച പുസ്തകങ്ങളുടെ മാർജിനുകളും , ഉൾകവറുകളും തിങ്ങി നിറഞ്ഞപ്പോൾ കുത്തിക്കുറിച്ചു വച്ചിരുന്നതൊക്കെയും പ്രസിദ്ധീകരണത്തിനായി പലർക്കും അയച്ചു കൊടുത്തു. ഒരു തുടക്കകാരന് കിട്ടുന്ന അവഗണ ഇതിലും ലഭിച്ചത് നിരാശയല്ല സമ്മാനിച്ചത്, മറിച്ചു അവയൊക്കെ അവഗണിച്ചു വീണ്ടും എഴുതുവാനാണ് പ്രചോദനമായത്. പിൽക്കാലത്തു ഇതേ പ്രസിദ്ധീകരണങ്ങളിൽ തന്റെ രചനകൾ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതും, ഇപ്പോഴും പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്നതും തെല്ലൊരു അഭിമാനത്തോടെ സുരേഷ് ചൂണ്ടിക്കാട്ടുന്നു .

2019 മേയിൽ ആലപ്പുഴ ജില്ലയിലെ എസ് എൽ പുരം (കഞ്ഞികുഴി) ശാഖയിൽ തമിഴ്നാട് ജീവിതത്തോട് വിട പറഞ്ഞു കൊണ്ട് കേരളത്തിലേക്ക് തിരികെ എത്തിയപ്പോഴും വായനയും, എഴുത്തും ഒഴിവാക്കിയില്ല. ഇതിനിടയ്ക്ക് ടാലന്റഡ് ബാങ്കേഴ്സ് ഗ്രൂപ്പിലും എത്തിച്ചേർന്നു . അതിന്റെ പുസ്തക - സിനിമാ പാനലുകളിൽ സജീവ സാന്നിദ്ധ്യമാകാനും പുതിയ പുസ്തകങ്ങളെയും, മികച്ച ചലച്ചിത്രങ്ങളെയും പരിചയപെടുത്തുന്നതിലും സുരേഷ് മുൻപന്തിയിൽ തന്നെ.

എഴുത്തിൽ മാത്രമല്ല, അഭിനയവും തനിക്കു വഴങ്ങുമെന്ന് സുരേഷ് തെളിയിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ ഓണ നാളിൽ ടാലന്റഡ് ബാങ്കേഴ്‌സിന്റെ ഹ്രസ്വ ചിത്രത്തിൽ നായകൻ സുരേഷ് ആയിരുന്നു,

കഴിഞ്ഞ കൊല്ലം ഒക്ടോബറിൽ പാലക്കാടു വച്ച് "ചിത്രായനം" എന്ന സാംസ്ക്കാരിക സംഘടനയുടെ ആഭിമുഖ്യത്തിൽ നടന്ന ത്രിദിന ട്രാവൽ ഫോട്ടോഗ്രാഫി എക്സിബിഷനിൽ പങ്കാളിയാകാനും , താനെടുത്ത ചിത്രങ്ങൾ പ്രദർശിപ്പിക്കുവാനും കഴിഞ്ഞു.

ഇത് വരെ എഴുതിയതൊക്കെ ചേർത്തൊരു പുസ്തകം പ്രസിദ്ധീകരിക്കാൻ തയ്യാറെടുത്തപ്പോഴാണ് അപ്രതീക്ഷിതമായി കോവിഡ് വന്നത്. അതിൽ തളരാതെ തന്റെ സ്വപ്ന സാഫല്യം പൂർത്തീകരിക്കുന്നതിന്റെ അവസാന മിനുക്ക് പണിയിലാണ് സുരേഷിപ്പോൾ.

ടാലന്റഡ് ബാങ്കേഴ്സിന്റെ പുസ്തക സിനിമ ഗ്രൂപ്പിൽ മാത്രമല്ല സുരേഷ് സജീവം. വായിച്ചതും, വായിച്ചു കൊണ്ടിരിക്കുന്നതുമായ പുതിയ പുസ്തകങ്ങളെ മറ്റുള്ളവർക്കു സ്വത സിദ്ധമായ ശൈലിയിൽ സമാന ഗ്രൂപ്പുകളിലും , മുൻനിര പ്രസാധകരുടെ അച്ചടി/സാമൂഹ്യ/ഓൺലൈൻ മാധ്യമങ്ങളിലും പരിചയപെടുത്താറുണ്ട്. നല്ലൊരു ആസ്വാദക വൃന്ദവും ഇവയ്ക്കുണ്ട്. മലയാളത്തിന്റെ പ്രിയ ഗന്ധർവനായ ശ്രീ പത്മരാജന് ആദരവായി ലോക്ക്ഡൌൺ സമയത്തു ടാലന്റഡ് ബാങ്കേഴ്സ് പേജിൽ വന്ന പത്മരാജൻ ഫെസ്റ്റിവലിൽ ആദ്യ വീഡിയോ റിവ്യൂ സുരേഷിന്റെത് ആയിരുന്നു.

ദേശാഭിമാനി വാരാന്തപ്പതിപ്പ് , കലാകൗമുദി വാരിക , കലാകൗമുദി സൺഡേ സപ്പ്ളിമെൻറ്, ജനയുഗം സൺഡേ , അക്ഷരദീപം / ഇമ ഡിജിറ്റൽ മാഗസിനുകൾ , മനോരമ / മാതൃഭൂമി ഓൺലൈൻ മാഗസിനുകൾ , സിനിമ മംഗളം , മംഗളം ഓണപ്പതിപ്പ്.... സുരേഷിന്റെ രചനകൾ വന്നതും , ഇപ്പോഴും വന്നു കൊണ്ടിരിക്കുന്നതുമായ അച്ചടി /സാമൂഹ്യ മാധ്യമങ്ങളിൽ ചിലതാണിത് .

സ്കൂൾ തലത്തിൽ യൂറീക്ക ശാസ്ത്ര കേരളം വൈജ്ഞാനിക പരീക്ഷകളിലെ സ്ഥിരം പങ്കാളിയും, സ്ഥിരം വിജയിയുമായിരുന്നു. ശാസ്ത്ര ബോധത്തിൽ ഊന്നിയ ഒരു സ്വാഭാവിക അടിത്തറ രൂപീകരിക്കാൻ അതൊരുപാട് സഹായിച്ചിട്ടുണ്ട്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ ഒരു ശിൽപ്പശാലയിൽ പങ്കെടുക്കുമ്പോൾ അതിന്റെ വീഡിയോ ചിത്രികരിച്ചു പിന്നീട് ദൂരദർശന്റെ സാംസ്കാരിക നിലയം എന്ന പരിപാടിയിൽ 1994 സംപ്രേഷണം ചെയ്യുകയുണ്ടായി. അന്ന് വീട്ടിൽ ടി വിയില്ല. നാട്ടിൽ ടി വിയുള്ളവരാണ് മകന്റെ പടം ടി വിയിൽ വന്ന കാര്യം സുരേഷിന്റെ പിതാവിനെ അറിയിക്കുന്നത്. പിന്നെയുമൊന്നു തല കാണിക്കാൻ 25 കൊല്ലം കാത്തിരിക്കേണ്ടി വന്നു . ഇക്കഴിഞ്ഞ ലോക്ഡൌൺ സമയത്തു ആരോഗ്യപ്രവർത്തകർക്കു ആദരമർപ്പിച്ചു കൊണ്ട് പ്രിയ സുഹൃത്തും, സഹ പ്രവർത്തകനും അതിലുപരി ഇതേ കോളത്തിൽ വന്ന ടാലന്റഡ് ബാങ്കറുമായ ശ്രീനേഷ് പ്രഭുവുമൊത്തു ചെയ്ത ആൽബത്തെ പറ്റിയുള്ള വാർത്ത ലോക്കൽ കേബിൾ ചാനലിൽ വന്നപ്പോഴായിരുന്നു അത്.

കോളേജിലെത്തിയപ്പോൾ പലപ്പോഴും കവിതാ രചനയിൽ ഒന്നാം സ്ഥാനം. എഴുത്തു് ഒരു ഹരമായി മാറി തുടങ്ങിയത് അപ്പോഴാണ്. കവിതയ്ക്കും ,

ഫോട്ടോഗ്രഫിക്കും ആയി രണ്ടു ബ്ലോഗ് പേജുകൾ തുടങ്ങിയിരുന്നു. ഇപ്പൊ മുഖ പുസ്തകത്തിൽ സെൽഫി എന്നൊരു കോളം സുഗമമായി മുന്നോട്ടു പോകുന്നു. സ്വന്തമായൊരു യൂട്യൂബ് ചാനലുമുണ്ട്. ടാലന്റഡ് ബാങ്കേഴ്‌സിന്റെ മൂവി പാനലിന്റെ പത്മരാജൻ ചലച്ചിത്രോത്സവത്തിൽ ആദ്യമായി വീഡിയോ റിവ്യൂ അവതരിപ്പിക്കാൻ ആ ചാനൽ നിമിത്തമാകുകയും ചെയ്തു. ഇത് കൂടാതെ ലോക്ക് ഡൌൺ കാലത്തു മറ്റ് രണ്ട് വിഡിയോകൾ കൂടി ചെയ്തിരുന്നു .

2008 ൽ പുസ്തക തീവണ്ടിയിൽ ഒന്നിച്ചു യാത്ര ചെയുവാൻ തിരുവനന്തപുരം ആറ്റിങ്ങൽ സ്വദേശിനിയായ കീർത്തി കൂടെയെത്തി. കമ്പ്യൂട്ടർ സയൻസിൽ പി ജി ഡിപ്ലോമക്കാരിയായ കീർത്തി എഴുത്തിൽ എന്നും സുരേഷിന് താങ്ങായി കൂടെയുണ്ട്. സവാരിയ എന്നൊരു കണ്മണിയും ഇവർക്കുണ്ട് . ഏക സഹോദരി ഭർത്താവിനോടും, രണ്ടു മക്കൾക്കുമൊപ്പം കുടുംബിനിയായി തൃപ്പൂണിത്തുറയിൽ താമസം .

ടാലന്റഡ് ബാങ്കേഴ്സ് കോളത്തിലേക്കു ഒരു പിടി പ്രതിഭകളെ ചൂണ്ടിക്കാട്ടിയതും ഈ നാട്ടിന്പുറത്തുകാരന്റെ നന്മ. പുസ്തക പാനലിൽ ഏറ്റവും കൂടുതൽ പുസ്തകം നമുക്കായി പരിചയപ്പെടുത്തിയതും സുരേഷാണെന്നുള്ളത് മറ്റൊരു കാര്യം.

കവിയെന്നോ , കഥാ /കലാകാരനെന്നോ , പുസ്തക-സിനിമാ നിരൂപകനെന്നോ, അഭിനേതാവെന്നോ അതോ ഫോട്ടോഗ്രാഫറെന്നോ ...ഇതിലേതാണ് എന്ന് ചോദിച്ചാൽ എല്ലാം ഇതിലുണ്ട് എന്നൊരു ചെറുചിരിയിലൊളിപ്പിച്ച മറുപടിയാണ് നമുക്ക് ലഭിക്കുക

എഴുത്തിൽ മാത്രമല്ല ജീവിതത്തിലുമിനി (And miles to go before I sleep
And miles to go before I sleep – Robert Frost )
കിടപ്പൂ കാതങ്ങളനേകമിക്ക -
ണ്ണടഞ്ഞിടും മുമ്പിവനിന്നു താണ്ടാൻ
കിടപ്പൂ കാതങ്ങളനേകമിക്ക -
ണ്ണടഞ്ഞിടും മുമ്പിവനിന്നു താണ്ടാൻ !!!

എന്ന് എളിമയോടെ കരുതുന്ന പ്രിയ സുരേഷിന് ടാലന്റഡ് ബാങ്കേഴ്‌സിന്റെ ആശംസകൾ .

------------------------------------------------------------------------------------------------

തയ്യാറാക്കിയത് : നവീൻ രമണൻ , ബാങ്ക് ഓഫ് ഇന്ത്യ

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്

------------------------------------------------------------------------------------------------

May this week's column acquaint you with some one who reckons that words are not only fire but also pristinely;some one who desires to become loco pilot of a train brimming with books to

no confines to read on and on and brings forth to us; be it story, poetry or a movie review.

Suresh Narayanan
Dhanlaxmi Bank
SL Puram
Kanjikuzhi branch
Alappuzha

Mr Suresh was born in Vellore, a village near Vaikom in Kottayam district, as the eldest of two children of Mr. PR Narayanan, a farmer and a humble trader, and Mrs. Rajalakshmi, a housewife.

Mr Suresh had his education at KMHS school,the only private school in his hometown from where he came out with flying colours in his tenth standard board exam .Suresh's name can still be seen embedded on the plaque in headmaster's room.

Suresh completed his pre-degree from Devaswom Board College, Thalayolaparambu his B.Com degree from Baselios College, Kottayam and MBA from Cochin School of Management.

In June 2004, not long after the Viva voce,Suresh received his appointment letter from ICICI Bank's Regional Office intimating recruitment as a Trainee Officer in the bank. His first assignment was in Kottayam, his home town. The first page of his official life began there. He got the opportunity to work in Kottayam for three years and in Kattappana for two years.

His initial days as a banker was not as easy as expected. He found it really an uphill task to work under tough bosses and felt like a fish washed ashore.

Suresh joined Dhanlaxmi Bank on September 18, 2009. His first assignment was as an assistant manager at the Edavilangu branch near Kodungallur. Later, while working at Kalparambu, a rural branch near Iringalakuda, Suresh got to know about an entire village and still cherishes the love bestowed on him.

Meanwhile he got transferred to Tamil Nadu.He focussed on unleashing his talents all the more during his stint at Erode and Salem spanning around 6 years

His reading habits which he shelved at some point of time amidst his hectic schedule came to his rescue when solitude began paling his boisterous life. Travelling became his new habit to gain new experiences and his social anxiety began to abate slowly.

His creativity drizzled through his poems and travelogues and which he sent to many for publication. Suresh is proud to say that his works were later published in the same publications from which he faced set backs in the initial days.

He returned to Kerala in May 2019 and started working at SL Puram (Kanjikuzhi) branch in Alappuzha district. In the meantime, he joined Talented Bankers Group. Suresh is at the forefront of its book and movie panels. He has proved that he is not only good at writing but also acting. He was the hero in the short film brought to you all by 'Talented Bankers' during onam.

In October yesteryear, Suresh participated in a three - day travel photography exhibition organized by the cultural organization "Chithrayanam" in Palakkad and exhibited his self-portraits.

He contracted Covid unexpectedly when he was preparing to publish a book that included everything he had written so far. Suresh is currently working on it so to fulfill his all time dream.

Suresh is active not only in Talent Bankers' book and movie groups,but also introduces new books to others in a unique style in similar groups and in print / social / online media by leading publishers. Suresh's video review was the first at the Padmarajan Festival, hosted in Talented Bankers page during lockdown.

His writings have been featured in Deshabhimani Weekly Edition, Kalakaumudi Weekly, Kalakaumudi Sunday Supplement, Janayugam Sunday, Aksharadeepam / Ima Digital Magazines, Manorama / Mathrubhumi Online Magazines, Cinema Mangalam, Mangalam Onam Edition and the like.

At the school level,Suresh was a regular winner in the Eureka science exams.It helped helped him to build the solid foundation of science awareness. The video shot while attending a workshop conducted by the Kerala State Institute of Children's Literature was aired in Doordarshan in 1994.He had to wait for 25 years to come back to limelight again when the news of an album made together with his dearest companion, colleague and talented banker Sreenesh Prabhu, paying deference to health workers was aired on a local cable channel.

Suresh often times stood first in poetry writing competitions while he was at college. It was then that he got more keen on writing.

He has started two blog pages for poetry and photography and is writing a column titled Selfie in face book. To top it all off he has started his own YouTube channel.

In 2008, Keerthi, a native of Attingal,began accompanying Suresh in his artistic journey. They have a daughter,Savaria.

Suresh keeps on helping us in identifying talents to be introduced in the Talented Bankers column. Also he is the one who has introduced most of the books to us. Asked if he is a poet, a story writer,an artist, a book-movie critic, or a photographer, he prefers to leave it unanswered.

Suresh has firm faith in the words of Robert Frost who puts across his inspiring cerebrations through his poem which reads-
'And miles to go before I sleep
And miles to go before I sleep'

We wish Suresh and his family success in all endeavours ahead. May life's best find it's way to you..

Youtube channel links.

https://www.youtube.com/user/psnsuresh

Video Review

https://youtu.be/MrUN2f6Q0fY

ഓണത്തിന് ഇറങ്ങിയ ഷോർട്ട് ഫിലിം

https://youtu.be/gwmSUZ_ftkE

സെൽഫി കവിത പേജ് /ബ്ലോഗ്

**https://www.facebook.com/സെല്ലി-My-poems-1435115613379998/**